83409/2023

**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം–തിരുവനന്തപുരം - സാങ്കേതികവിഭാഗം - എറണാകുളം ജില്ല - കൊച്ചി നഗരസഭ - പൂണിത്തുറ വില്ലേജ് ഹോസ്പിറ്റൽ കെട്ടിടം, പാർക്കിംഗ് കം കൊമേഴ്സ്യൽ ബിൽഡിംഗ്,Toilet Block , Extension to service Building എന്നീ കെട്ടിടങ്ങളുടെ അധിക നിർമ്മാണം കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കൊച്ചി നഗരസഭ സെക്രട്ടറിയുടെ 18/03/2023 ലെ KRP1-237/21 നമ്പർ കത്ത്.

2. എറണാകുളം ജില്ലാ ടൗൺപ്ലാനറുടെ 27/07/2023 ലെ LSGD/JD/EKM/2257/ 2023-PLG-4 നമ്പർ കത്ത്

==================================================================

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

ഉത്തരവ്. നം. LSGD/PD/50942/2023-TCPA2 തീയതി:26-09-2023

==================================================================

എറണാകുളം ജില്ലയിലെ കൊച്ചി നഗരസഭ പരിധിയിലുള്ള പൂണിത്തുറ വില്ലേജിൽ സർവ്വേ നമ്പർ 865, 864/1, 864/2, 867/1, 909/1, 909/2, 866/1, 864/2-5, 935/1-5, 935/1-4, 910/3-2, 910/3-3, 910/2-2, 867/2-2, 909/6, 909/7 എന്നിവയിൽ ഉൾപ്പെട്ട ഭാഗികമായി നിർമ്മാണം പൂർത്തിയായ ഹോസ്പിറ്റൽ കെട്ടിടത്തോട് ചേർത്ത് ഹോസ്പിറ്റൽ കെട്ടിടം, പാർക്കിംഗ് കം കൊമേഴ്സ്യൽ ബിൽഡിംഗ്, Toilet Block , Extension to service Building എന്നിവ ഉൾപ്പെട്ട 18579.17 ച.മീ ഏരിയ വരുന്ന കെട്ടിടങ്ങളുടെ അധിക നിർമ്മാണത്തിന്(Grand Total(existing+proposed)-30573.47 ച.മീ) അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ.പി.എം.സെബാസ്റ്റ്യൻ, ശ്രീമതി.സെലിൻ സെബാസ്റ്റ്യൻ, വെൽകെയർ ഹോസ്പിറ്റൽ, വൈറ്റില, കൊച്ചിയുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും, വിധേയമായി Structure plan for Central City of Kochi പ്രകാരം കൺകറൻസ്, അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. അപേക്ഷകന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, നിർമാണാവകാശം, സർവ്വേ നമ്പറുകൾ, അളവുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഈ ഓഫീസിൽ പരിശോധനാ വിധേയമാക്കിയിട്ടില്ല. ആയതിനാൽ KMBR 2019 ചട്ടം 9(2) പ്രകാരം ആയത് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും നഗരസഭാ സെക്രട്ടറി

/83409/2023

ഉറപ്പുവരുത്തിയിരിക്കണം.

2. മാസ്റ്റർ പ്ലാൻ വ്യവസ്ഥകൾക്ക് അനുസൃതമായുള്ള കൺകറൻസ് മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത്. യൂസേജ് ഓഫ് പ്ലോട്ട് / ലേഔട്ട് അംഗീകാരം, കെട്ടിട നിർമ്മാണാനുമതി എന്നിവ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.
3. KMBR 2019 ചട്ടം 5(4) പ്രകാരം ആവശ്യമായ എല്ലാ വകുപ്പുകളുടെയും നിരാക്ഷേപപത്രം ലഭ്യമാക്കിയിരിക്കണം.
4. നിർമ്മാണം കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂളിനും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് ജില്ലാ തദ്ദേശ സ്വയംഭരണ പ്ലാനിംഗ് കാര്യാലയം/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

Signed by
Famidha Yoosaf.m
Date: 26-09-2023 11:04:24

ഫമിദാ യൂസഫ്.എം
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

ജില്ലാ ടൗൺപ്ലാനർ, എറണാകുളം
പകർപ്പ്:-

1. ശ്രീ.പി.എം.സെബാസ്റ്റ്യൻ, ശ്രീമതി.സെലിൻ സെബാസ്റ്റ്യൻ, പുവക്കോട് ഹൗസ്, കുറുപ്പംതുറ പി.ഒ, കോട്ടയം-686603
2. സെക്രട്ടറി, കൊച്ചി കോർപ്പറേഷൻ, എറണാകുളം-682011
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം